1
സെപ്റ്റംബർ 2024
ഞായർ
1200 ചിങ്ങം 16

# നസ്രാണി നാദം

ESTABLISHED A.D 54

# നിരണം പള്ളി

നിരണം
4 പേജ്

Private Circulation Only

Tel: 0469 2711 510 • www.niranamchurch.com niranampally




പരി. മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യുസ് തൃതിയൻ കാതോലിക്കാ ബാവാ

അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്

അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ്





## "വിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത വാഴ്‌വിനായി തീരട്ടെ"

കൈയ്യിൽ കുഞ്ഞിനെ ഏന്തി നിൽക്കുന്ന വി. മാതാവിന്റെ ഒരു രൂപം ഈ പള്ളിയിലുണ്ട്. സാധാരണ ഓർത്തഡോക്സ് പള്ളികളിൽ കാണാത്ത ഈ ശിൽപം പോർച്ചുഗീസുകാർ AD 1610ൽ പള്ളിക്ക് സംഭാവന നല്കിയതാണ്. ഈ രൂപവും രൂപക്കൂടും മാതാവിന്റെ ജനന പെരുനാളിനോടനുബന്ധിച്ച് എട്ടു നോമ്പിലെ അഞ്ചാമത്തെ ദിവസം മുതൽ ഭക്തരുടെ കാഴ്ചയ്ക്കായി പള്ളിയിൽ പ്രദർശിപ്പിക്കും. ഈ രൂപം വെച്ചിരിക്കുന്ന രൂപക്കൂടിന്മേൽ വി. മാതാവിന്റെയും, വി. പത്രോസ്, വി. പൗലോസ്, വി. യോഹന്നാൻ, വി. തോമാശ്ലീഹാ എന്നീ ശിഷ്യന്മാരുടെയും ചിത്രങ്ങൾ കൊത്തിവച്ചിട്ടുണ്ട്.

### ആരാധനാ സമയം

**വിശുദ്ധ കുർബ്ബാന**

| | | |
|---|---|---|
| **ഞായർ** | | |
| രാവിലെ 5.30 | : | പ്രഭാത നമസ്കാരം |
| 6.15 | : | **വിശുദ്ധ കുർബ്ബാന** |
| 7.30 | : | പ്രഭാത നമസ്കാരം |
| 8.30 | : | **വിശുദ്ധ കുർബ്ബാന** |
| **ബുധൻ** | | |
| 6.30 | : | പ്രഭാത നമസ്കാരം |
| 7.15 | : | **വിശുദ്ധ കുർബ്ബാന** |
| 8.30 | : | മദ്ധ്യസ്ഥ പ്രാർത്ഥന |
| **ശനി** | | |
| 6.30 | : | പ്രഭാത നമസ്കാരം |
| 7.15 | : | **വിശുദ്ധ കുർബ്ബാന** |
| 8.30 | : | മദ്ധ്യസ്ഥ പ്രാർത്ഥന |

### അനുഗ്രഹ പ്രാർത്ഥനാ സംഗമം

എല്ലാ മാസത്തിന്റെയും അവസാന ബുധനാഴ്ചകളിൽ ദേവാലയത്തിൽ വെച്ച് അനുഗ്രഹ പ്രാർത്ഥനാ സംഗമം നടത്തപ്പെടുന്നു.

### മാർത്തോമൻ പൈതൃക സംഗമം

രണ്ടു മാസം കൂടുമ്പോൾ, മാസത്തിലെ രണ്ടാം ഞായറാഴ്ച തോമത്ത് കടവിലെ ധ്യാന മന്ദിരത്തിൽ വെച്ച് മാർത്തോമൻ പൈതൃക സംഗമം നടത്തപ്പെടുന്നു.

എല്ലാ ദിവസവും 5.30 pm ന് സന്ധ്യാ നമസ്കാരവും
ചൊവ്വാഴ്ച സന്ധ്യാ നമസ്കാരത്തെ തുടർന്ന് മദ്ധ്യസ്ഥ പ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്.



ക്രിസ്തുയേശുവിൽ ഏവർക്കും സ്നേഹ വന്ദനം

പ്രിയരെ,

വിശുദ്ധ മാർത്തോമ്മാശ്ലീഹായാൽ പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിതമായ നിരണം വലിയപള്ളിയിൽ 2024 സെപ്റ്റംബർ 01 മുതൽ 08 വരെ പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ എട്ടുനോമ്പ് മുൻ പതിവുപോലെ ആചരിക്കുകയാണല്ലോ. ദൈവകൃപയിൽ ആശ്രയിച്ച് പ്രാർത്ഥനയോടും നോമ്പോടും കൂടി ഈ പെരുന്നാൾ കൊണ്ടാടുവാൻ ഏവരേയും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. പെരുന്നാളിന്റെ ഭാഗമായി ഒരു സപ്ലിമെന്റ് പ്രസിദ്ധീകരിക്കുന്നു എന്നറിയുന്നതിൽ ഏറെ സന്തോഷിക്കുന്നു.

തിരുവചനം നൽകുന്ന സൂചനകളിൽ നിന്നും പരിശുദ്ധ സഭയുടെ ഉപദേശങ്ങളുടെ അടിസ്ഥാനത്തിൽ മറിയത്തെ തിരുവചനത്തിൽ വിത്തിനെ വളർത്തിയ നല്ല വയൽ എന്ന് നിസ്സംശയം വിളിക്കുവാൻ കഴിയും. രണ്ടാം ഹവ്വയാകുന്ന മറിയം ദൈവത്തിൽ നിന്ന് വചനത്തെ ഉള്ളിൽ സ്വീകരിച്ച് ദൈവപുത്രനെ ലോകത്തിന് നൽകി. പരിശുദ്ധ അമ്മ കേട്ട വചനങ്ങളെ ഹൃദയത്തിൽ സൂക്ഷിച്ചു. വിശുദ്ധനായ ലൂക്കോസ് പറയുന്നത് എല്ലാം അവന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു എന്നാണ് (2:51)

ഇതാ കർത്താവിന്റെ ദാസി എന്ന് പറഞ്ഞ് സ്വയം ദൈവത്തിൽ സമർപ്പിച്ചു കൊടുത്ത നിമിഷം മുതൽ ദൈവപുത്രനോടൊപ്പമുള്ള യാത്രയായിരുന്നു അവളുടേത്. ഒരിക്കൽ പോലും അവൾ തിരിഞ്ഞ് നോക്കിയില്ല. ബേത്‌ലഹേമിൽ ആരംഭിച്ച് ഗോഗുൽത്താ വരെ എത്തുന്നതായിരുന്നു ആ യാത്ര. എല്ലാ യാത്രകളും ക്രിസ്തുവും ഒപ്പമുള്ള മറിയത്തിന്റെ യാത്രകളായിരുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ പെരുന്നാൾ ആഘോഷിക്കുമ്പോൾ അമ്മയുടെ ഈ രണ്ട് ഭാവങ്ങളും നമ്മിൽ ഉണ്ടാകണം. അമ്മയെ പോലെ ദൈവവചനത്തിന്റെ നല്ല നിലങ്ങളായി നമുക്ക് തീരാം. എല്ലാ പ്രതിസന്ധികളിലും ക്രിസ്തുവിനെ മുറുകെ പിടിച്ച് അവനോടുകൂടെ യാത്ര ചെയ്യാം.

എല്ലാ ആശംസകളും നേരുന്നു.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനയോടെ,

**യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത**

തിരുവല്ല
22.08.2024

### "അരിഞ്ഞ പുൽപ്പുറത്തു പെയ്യുന്ന മഴപോലെയും ഭൂമിയെ നനയ്ക്കുന്ന വൻമഴ പോലെയും അവൻ ഇറങ്ങിവരട്ടെ" (സങ്കീ. 72:6)



മലങ്കരയിലെ വി. ദൈവമാതാവിന്റെ നാമത്തിലുള്ള പ്രഥമ ക്രൈസ്തവ ദേവാലയമായ നിരണം വലിയപള്ളിയിൽ, മാതാവിന്റെ വാങ്ങിപ്പ് പെരുന്നാളിന് ശേഷമുള്ള എട്ട്നോമ്പ്, ഭൗതിക നേട്ടങ്ങൾക്ക് അപ്പുറം നന്മയും ആത്മതപനത്തിന്റെ ദിനങ്ങളുമാണ് സമ്മാനിക്കുന്നത്.

വി. നോമ്പിന്റെ ഓരോ ദിനവും വി. കന്യകമറിയാം അമ്മയുടെ കൃപ നിറഞ്ഞ ജീവിതത്തിന്റെ ഓരോ നന്മകൾ നമുക്ക് ധ്യാനിപ്പാനാവണം. വിനയം, സഹനം, വിശ്വാസം തുടങ്ങി ഓരോ സത്ഫലവും ധ്യാനിപ്പാനും, അത് ജീവിതത്തിൽ പ്രാവർത്തികമാക്കാനുമുള്ള ശ്രമവും നമുക്ക് വേണം. ചില പ്രലോഭനങ്ങൾ നമ്മെ തോൽപ്പിച്ച് കളഞ്ഞേക്കാം, എന്നിരുന്നാലും വീണ്ടും ഉണർന്ന് മുന്നിലുള്ള ലാക്കിലേക്കും നമുക്കു മുമ്പിലുള്ള വിശ്വാസ ഓട്ടവും പൂർത്തീകരിക്കുവാൻ ശ്രമിക്കുമ്പോഴാണ് വി. നോമ്പ് നമുക്ക് കൃപയുടെ നീർച്ചാലായി രൂപാന്തരപ്പെടുക. വി. നോമ്പിന്റെ എട്ട് ദിനങ്ങളും നമുക്ക് അനുഗ്രഹത്തിന്റെ ദിനങ്ങളാകട്ടെ എന്ന് ആശംസിക്കുന്നു. ഈ വർഷത്തെ നോമ്പ് സെപ്റ്റംബർ 01 മുതൽ 08 വരെയുള്ള ദിവസങ്ങളിൽ വി. കുർബ്ബാന, ധ്യാനം, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയോട് നടത്തപ്പെടുകയാണ്. ആരംഭ ദിനവും അവസാന ദിനവും ഞായറാഴ്ചകളാണെന്നുള്ള ഒരു പ്രത്യേകത ഈ വർഷത്തെ നോമ്പിനുണ്ട്. അഭി. പിതാക്കന്മാരായ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായും, യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായും ഈ ദിനങ്ങളിൽ വി. കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നു.

വി. നോമ്പിന്റെ എല്ലാ അനുഗ്രഹീത ദിനങ്ങളിലും നേർച്ച കാഴ്ചകളോടെ വന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശുദ്ധ ദൈവമാതാവിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

എന്ന്

വികാരി

**ഫാ. ഷിബു തോമസ് ആമ്പല്ലൂർ**

## സേവന തല്പരയായ വിശുദ്ധ ദൈവമാതാവ്



നമ്മുടെ സേവനങ്ങൾ പലപ്പോഴും നാം അലങ്കരിക്കുന്ന സ്ഥാനങ്ങൾക്ക് ചേർന്ന രീതിയിൽ ആണ്. ആയിരത്തിൽ ഒന്നോ രണ്ടോ പേർ മാത്രമാണ് മറ്റുള്ളവരെ അത്ഭുതപ്പെടുത്തുംവിധം മറ്റുള്ളവർക്ക് സേവകരായി മാറുന്നത്. ദൈവപുത്രന് മാതാവാകുവാൻ സ്വജീവിതത്തിൽ ലഭിച്ച ഏറ്റവും വലിയ അംഗീകാരം അറിഞ്ഞ നിമിഷത്തിൽ പോലും ശുശ്രൂഷ മനോഭാവത്തോടെ ഇടപെട്ടവളാണ് വിശുദ്ധ ദൈവമാതാവ്. ലഭിക്കുന്ന അംഗീകാരങ്ങൾക്ക് മുമ്പിൽ മനുഷ്യർ കുറച്ചുകൂടി വിശാലരാകണമെന്നും കൂടുതൽ വിനീതരാകണമെന്നും കന്യകമറിയാമിന്റെ ജീവിതത്തിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. അതുകൊണ്ട് തന്നെ ജീവിതത്തിന്റെ ആരംഭം മുതൽ അവസാനത്തോളം ദൈവിക പദ്ധതികൾക്ക് വിധേയപ്പെട്ട് സമൂഹത്തിന് നന്മപകരുന്ന ജീവിതമായിരുന്നു വി. കന്യകമറിയാമിന്റേത്.

അലക്സാന്ത്രിയായിലെ വി. അത്താനാസിയോസ് പിതാവ്, വി. ദൈവമാതാവിന്റെ ജീവിതത്തെ വിവരിക്കുന്നത് ഇപ്രകാരമാണ്, "ദൈവമാതാവായ മറിയം, വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സ്നേഹത്തിന്റെയും ഉത്തമ മാതൃകയും ക്രിസ്തീയ സത്ഗുണങ്ങളും മാതൃകയുമാണ്."

സത്ഗുണങ്ങൾ ചെയ്യുന്നവർ ഇന്ന് അനേകരുണ്ടെങ്കിലും മാതൃക നൽകുവാൻ സാധിക്കുന്നവർ ചുരുക്കമാണ്. "ആ നാളുകളിൽ മറിയ എഴുന്നേറ്റു മലനാട്ടിൽ ഒരു യഹൂദപട്ടണത്തിൽ ബദ്ധപ്പെട്ടു ചെന്നു" (വി.ലൂക്കോസ് 1:31) എലിസബേത്തിനെ ശുശ്രൂഷിക്കുവാനായി കടന്നുചെല്ലുന്ന ഭാഗമാണിത്. മറിയം "ബദ്ധപ്പെട്ടു ചെന്നു" എന്നാണ് വേദഭാഗം പറയുന്നത്. ആലോചനയ്ക്ക് ഒട്ടും സമയം കൊടുക്കാതെ ഏറെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണെന്ന് മനസ്സിലാക്കിയാണ് കന്യകമറിയം അവിടേക്ക് കടന്നുചെല്ലുന്നത്. ക്രിസ്തുവിന്റെ അമ്മയാകുവാൻ താൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന സുവിശേഷം ഗ്രഹിച്ചതിന് ശേഷമാണ് ഈ കടന്നു പോക്ക്. വിവാഹ ജീവിതത്തിന് മുമ്പുള്ള യഹൂദ നാട്ടിലെ നിയമങ്ങളും അതിന്റെ പ്രതിഫലനങ്ങളും ചേർന്നുള്ള കലുഷിതമായൊരു ഒരു സാഹചര്യം മുമ്പിൽ നിൽക്കുമ്പോഴും ദൈവാശ്രയബോധത്തോടെ കന്യകമറിയം തന്റെ ഉത്തരവാദിത്വം ഏറ്റവും അനുഗ്രഹപൂർണ്ണമാക്കുകയാണ്. ഉദരത്തിൽ ക്രിസ്തു കുടികൊള്ളുന്നവർക്ക് എങ്ങനെയാണ് അടങ്ങിയിരിക്കുവാൻ സാധിക്കുക.

ക്രിസ്തുവിനെ വഹിച്ചുകൊണ്ട് വി. കന്യകമറിയം ശുശ്രൂഷിക്കുവാനായി തയ്യാറാകുമ്പോൾ കൂടുതൽ അനുഗ്രഹങ്ങൾ അവിടെ സംഭവിക്കുന്നു. ലോകത്തിന് മുമ്പിൽ ദൈവത്തിന്റെ അമ്മയെ ചൂണ്ടികാണിക്കുവാൻ എലിസബേത്ത് ശക്തയാകുന്നു. ഒപ്പം ഉദരസ്ഥിതനായ യോഹന്നാൻ ശുദ്ധീകരിക്കപ്പെടുന്നു. ശുശ്രൂഷ മനോഭാവത്തോടെ മറ്റുള്ളവരിലേക്ക് നാം ഇറങ്ങിച്ചെല്ലുമ്പോൾ ക്രിസ്തു വാഹകരായി നാം മാറണം. അപ്പോൾ നമ്മിലൂടെ അനുഗ്രഹീതമായ കാര്യങ്ങൾ പൂവണിയുമെന്ന് നമുക്ക് മനസ്സിലാക്കാം.

വി. ജോൺ ക്രിസോസ്റ്റം പറയുന്നു "മറ്റുള്ളവരെ സേവിക്കുന്നത്, ദൈവത്തെ സേവിക്കലാണ്" വീണ്ടും വിശുദ്ധ ഗ്രിഗറി പലമാസ് ഓർമ്മിപ്പിക്കുന്നു "മറ്റുള്ളവരെ സേവിക്കുക എന്നാൽ ദൈവ സ്നേഹത്തിൽ പങ്കുചേരുക എന്നതാണ്"

അങ്ങനെയെങ്കിൽ വി. ദൈവമാതാവിന്റെ ജീവിതം ഒരേ സമയം ദൈവത്തെ അറിയുകയും അനുഭവിക്കുകയും ആ സ്നേഹത്തെ അനേകരിലേക്ക് പങ്കിട്ടുകൊടുക്കുകയും ചെയ്യുന്നതായിരുന്നു. ദൈവഹിതം എന്തെന്ന് തിരിച്ചറിഞ്ഞ് ജീവിക്കുന്നവർക്ക് ദൈവം നൽകുന്നതാണ്, "സ്ഥാനവും മാനവും". ലോകം മുഴുവൻ വി. ദൈവമാതാവിനെ വിളിക്കുന്നത് "ഭാഗ്യവതിയായ വി. കന്യകമറിയാം" എന്നാണ്. ഈ ഭാഗ്യത്തിന് പിന്നിൽ ഒരുപാട് കഷ്ടതയുണ്ട്, യാതനയുണ്ട്, വേദനയുണ്ട് ഒപ്പം ആത്മാർത്ഥമായ സമർപ്പണവും ഉണ്ട്. അതുകൊണ്ടാണ് സഭാ പിതാവായ മിലാനിലെ വി. ആംബ്രോസ് പിതാവ് ഓർമ്മിപ്പിക്കുന്നത്, "വിശുദ്ധ ദൈവമാതാവിന്റെ ജീവിതം എല്ലാവർക്കും ഒരു നിയമമാണ്" കളങ്കമില്ലാത്തതും കലർപ്പില്ലാത്തതുമായ ഈ ജീവിതം നമുക്ക് എന്നും എന്നാളും അഭയവും കോട്ടയും മദ്ധ്യസ്ഥതയുമായിരിക്കട്ടെ.

**ഫാ. ജിതിൻ അലക്സ് മണപ്പുറത്ത്**
സഹവികാരി

**01.09.2024 ഞായർ**

06.30 am : പ്രഭാതനമസ്ക്കാരം

07.30 am : **വി. കുർബ്ബാന**
മദ്ധ്യസ്ഥപ്രാർത്ഥന
**അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ**

: **കൊടിയേറ്റ്**

05.30 pm : സന്ധ്യാനമസ്ക്കാരം

**02.09.2024 തിങ്കൾ**

06.30 am : പ്രഭാതനമസ്ക്കാരം

07.15 am : **വി. കുർബ്ബാന**
മദ്ധ്യസ്ഥപ്രാർത്ഥന
റവ. ഫാ. അലക്സാണ്ടർ എബ്രഹാം
*(നിരണം ഭദ്രാസന സെക്രട്ടറി)*

10.30 am : ധ്യാനം
റവ. ഫാ. മാത്യു സി. ജോസഫ്
*(മാനേജർ മാർ സെന്ത്രാത്തിയോസ് വിശ്രാന്തിഭവൻ)*

12.00 noon : ഉച്ചനമസ്ക്കാരം, നേർച്ച കഞ്ഞി

05.30 pm : സന്ധ്യാനമസ്ക്കാരം

**03.09.2024 ചൊവ്വ**

06.30 am : പ്രഭാതനമസ്ക്കാരം

07.15 am : **വി. കുർബ്ബാനയും ധ്യാനവും**
മദ്ധ്യസ്ഥപ്രാർത്ഥന
റവ. ഫാ. ജെസ്മിൻ ജോസ്
*(വികാരി, മുട്ടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി)*

12.00 noon : ഉച്ചനമസ്ക്കാരം, നേർച്ച കഞ്ഞി

05.30 pm : സന്ധ്യാനമസ്ക്കാരം

**04.09.2024 ബുധൻ**

06.30 am : പ്രഭാതനമസ്ക്കാരം

07.15 am : **വി. കുർബ്ബാന**
മദ്ധ്യസ്ഥ പ്രാർത്ഥന
റവ. ഫാ. ജോർജ് പനയ്ക്കാമറ്റം

10.30 am : ധ്യാനം
റവ. ഡീ. ജിതിൻ മാത്യു ഫിലിപ്പ്
*(മീനടം ഈസ്റ്റ് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി അംഗം)*

12.00 noon : ഉച്ചനമസ്ക്കാരം, നേർച്ച കഞ്ഞി

05.30 pm : സന്ധ്യാനമസ്ക്കാരം

**05.09.2024 വ്യാഴം**

06.30 am : പ്രഭാതനമസ്ക്കാരം

07.15 am : **വി. കുർബ്ബാനയും ധ്യാനവും**
മദ്ധ്യസ്ഥ പ്രാർത്ഥന
റവ. ഫാ. ബിബിൻ പല്ലാട്ട്
*(വികാരി, സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി, കുളത്തൂർ)*

12.00 ന്നു : ഉച്ചനമസ്ക്കാരം, നേർച്ച കഞ്ഞി

05.30 pm : സന്ധ്യാനമസ്ക്കാരം

**06.09.2004 വെള്ളി**

06.30 am : പ്രഭാതനമസ്ക്കാരം

07.15 am : **വി. കുർബ്ബാനയും ധ്യാനവും**
മദ്ധ്യസ്ഥ പ്രാർത്ഥന
റവ. ഫാ. എമിൽ ടി. എബ്രഹാം
*(പാത്തമുട്ടം ശ്ലീബ ഓർത്തഡോക്സ് പള്ളി അംഗം)*

12.00 noon : ഉച്ചനമസ്ക്കാരം, നേർച്ച കഞ്ഞി

05.30 pm : സന്ധ്യാനമസ്ക്കാരം

**07.09.2024 ശനി**

06.30 am : പ്രഭാതനമസ്ക്കാരം

07.15 am : **വി. കുർബ്ബാനയും ധ്യാനവും**
മദ്ധ്യസ്ഥ പ്രാർത്ഥന
റവ. ഫാ. ജോബിൻ പി. സജി
*(വികാരി, കല്ലേലി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി)*

05.00 pm : സന്ധ്യാനമസ്ക്കാരം

06.30 pm : **ഭക്തിനിർഭരമായ പ്രദിക്ഷണം**
**(ആലുംതുരുത്തി കുരിശടിയിൽ നിന്നും പള്ളിയിലേക്ക്)**

**08.09.2024 ഞായർ**

06.30 am : പ്രഭാതനമസ്ക്കാരം

07.30 am : **വി. മൂന്നിന്മേൽ കുർബ്ബാന**
മദ്ധ്യസ്ഥ പ്രാർത്ഥന
**അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ**

പ്രദിക്ഷണം, വാഴ്വ്
നേർച്ച വിളമ്പ് | കൊടിയിറക്ക്

Live Streaming On
DIDYMOS LIVE HD
YouTube Didymos Live Webcast | Didymos Live Webcast
September 7 8
niranampally



## ഭാഗ്യവതി അമ്മ

ക്രൈസ്തവ ചരിത്ര കഥാപാത്രങ്ങളിൽ ക്രിസ്തു കഴിഞ്ഞാൽ ഏറ്റവും ഉന്നത സ്ഥാനീയയാണ് ദൈവമാതാവ് അതുകൊണ്ട് തന്നെ പൗരസ്ത്യ സഭകളും കത്തോലിക്ക സഭകളും ഏറ്റവും വിശുദ്ധിയുള്ള സൃഷ്ടിയായി മാതാവിനെ കാണുന്നു. ഭൂമിക്കായി ദൈവം നൽകിയ നന്മയുടെ ശേഷിപ്പുകളാണ് അമ്മമാർ. അവരുടെ വ്യാകുലതകളെ പ്രണാമിച്ചുകൊണ്ട് കൂട്ടിച്ചേർക്കപ്പെട്ട എല്ലാവരുടെയും തകർച്ചകളുടെ നേരത്ത് താങ്ങും ബലവുമായി ദൈവം നൽകിയ സഹായമാണ് അമ്മ മറിയം. മുളെത്ത് എപ്പോഴും വ്യാകുലതയെ ക്ഷണിച്ചുവരുത്തും. അത് ജീവിതത്തിന്റെ അനിവാര്യതയാണ്. നിനക്ക് അപരനോടുള്ള സ്നേഹം വ്യാകുലതകൾ സൃഷ്ടിക്കുന്നില്ലായെങ്കിൽ ആ സ്നേഹം നൈമിഷികമാണ് തീവ്രതയില്ലാത്തതാണ്. എന്നാൽ ഇന്നും മനുഷ്യരായ നമുക്ക് വേണ്ടി തീവ്രമായ സ്നേഹത്താൽ മാദ്ധ്യസ്ഥം അണയ്ക്കുന്നവളാണ് മറിയം. വായും നാവും വചനശുദ്ധിയുമുള്ള എല്ലാവരും ഭാഗ്യാർഹയായ മറിയാമിന് ഭാഗ്യം ആശംസിക്കേണ്ടതാകുന്നു. അവൾ വാഴ്ത്തപ്പെട്ട വയലായി തീരുകയും അതിനുള്ളിൽ സന്തോഷത്തിന്റെ കതിർ മുളയ്ക്കുകയും ചെയ്തതിനാൽ ധന്യയാകുന്നു. അവൾ രഥമായിതീരുകയും അവളുടെ മുഴങ്കാലുകൾ വണ്ടികൾക്ക് പകരമാവുകയും അവളുടെ ജഡിക ഉദരത്തിൽ ലോകരക്ഷകനെ വഹിക്കുകയും ചെയ്തതിനാൽ ധന്യയാകുന്നു. അവളുടെ യാചന ഞങ്ങൾക്ക് സഹായമായിത്തീരണമേ. പരിശുദ്ധ അമ്മയെപ്പോലെ വിശുദ്ധ കുദാശയുടെ അനുഭവത്തിൽ നമ്മുടെ ഹൃദയങ്ങളിൽ ആയിരിക്കുന്ന ക്രിസ്തുവിന്റെ തേജസ്സിനെ പേറുവാൻ ആ സത്കർമ്മങ്ങളെ അനുകരിപ്പാൻ നമുക്കാവണം. വി. കന്യകമറിയാമിന്റെ ജീവിത വിശുദ്ധിയും നിഷ്കളങ്ക സ്നേഹവും താഴ്മയും നമുക്കും പകർത്താം. അതിനായി വി. എട്ട് നോമ്പ് പെരുന്നാളും വിശുദ്ധിയോടെ നമുക്ക് ആചരിക്കാം. ദൈവമാതാവിന്റെ മദ്ധ്യസ്ഥത ഏവർക്കും അനുഗ്രഹീതമായിത്തീരട്ടെ.

**ജോൺ വാലയിൽ**, *സെക്രട്ടറി*






